നം.വൈ(2)/87616/2017/ഡി.പി.ഐ തീയതി: 28/12/2017

# ടെണ്ടർ ക്ഷണിക്കുന്നു

58-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ ജില്ലയിലെ വിവിധ വേദികളിലായി ജനുവരി 6 മുതൽ 10 വരെ നടക്കുന്നു. തൃശ്ശൂർ തേക്കിൻകാട് മൈതാനത്തിൽ രണ്ട് ഭാഗങ്ങളിലായാണ് ഒന്നാമത്തേയും, മൂന്നാമത്തേയും വേദികൾ ക്രമീകരിച്ചിട്ടുള്ളത്. പ്രസ്തുത വേദികൾക്ക് സമീപം ഭക്ഷണ സ്റ്റാളുകൾ, സ്റ്റേഷണറി സ്റ്റാൾ, ബുക്ക് മറ്റ് പ്രസിദ്ധീകരണ സ്റ്റാളുകൾ എന്നിവ ക്രമീകരിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. സ്റ്റാളുകൾ നടത്താൻ ആഗ്രഹിക്കുന്നവർ അപേക്ഷകൾ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 02/01/2018 5 മണിക്ക് മുമ്പ് നൽകേണ്ടതാണ്. ഓരോ വേദിക്കും സമീപം ഐസ്ക്രീം സ്റ്റാൾ, ഫ്രൂട്ട്സ് & ജ്യൂസ് സ്റ്റാൾ, ചായ ലഘുഭക്ഷണ സ്റ്റാൾ, സ്റ്റേഷണറി സ്റ്റാൾ, ബുക്ക് & പ്രസിദ്ധീകരണ സ്റ്റാൾ എന്നിങ്ങനെ ഓരോ സ്റ്റാളുകളാണ് അനുവദിക്കുന്നത്. സ്റ്റാളുകൾ 03/01/2018 -ന് രാവിലെ 10 മണിക്ക് തൃശ്ശൂർ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിൽ വച്ച് പരസ്യമായി ലേലം ചെയ്ത് നൽകുന്നതാണ്. ലേലം ഉറപ്പിക്കുന്ന വ്യക്തി അന്ന് തന്നെ 25,000/- രൂപ മുൻകൂർ പണമായോ, ഡി.പി.ഐ-യുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി ആയോ നൽകേണ്ടതാണ്. ബാക്കി തുക 05/01/2018- ന് 5 മണിക്ക് മുമ്പ് മേൽപറഞ്ഞ പ്രകാരം നൽകി ഉത്തരവ് കൈപ്പറ്റേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക്വേണ്ടി